Desabhimani
30 August 2018
Flood Relief
Fund

# ദുരിതാശ്വാസത്തിന് ഇതര സംസ്ഥാന തൊഴിലാളികളുടെ വിഹിതവും

**ഫറോക്ക്**

പ്രളയക്കെടുതിയിലകപ്പെട്ടവരെ സഹായിക്കാനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയിലേക്ക് ഇതര സംസ്ഥാന തൊഴിലാളികളുടെ വിഹിതമായി 6400 രൂപയും.

ശാരദാ മന്ദിരത്തിന് സമീപത്തെ 'ആപ്റ്റ് ഫൂട് കെയർ' എന്ന അപ്പർ സ്റ്റിച്ചിങ് സ്ഥാപനത്തിലെ 32 ഇതര സംസ്ഥാന തൊഴിലാളികളാണ് സഹായധനം നൽകിയത്.

ദിവസക്കൂലിക്കാരായ ഇവർ ഓരോരുത്തരും 200 രൂപ വീതം ചേർത്താണ് തുക കണ്ടെത്തിയത്.

തൊഴിലാളികളൊന്നിച്ച് സിപിഐ എം ഫറോക്ക് ഏരിയാ സെക്രട്ടറി എം ഗിരീഷിനെ ചെക്ക് ഏല്പിച്ചു. ഇതിനുപുറമെ സ്ഥാപനത്തിന്റെ ഉടമ പൂട്ടൂളിൽ പ്രമോദ് 10,000 രൂപയും നൽകി.

ലോക്കൽ സെക്രട്ടറി ഐ പി മുഹമ്മദ്, ബ്രാഞ്ച് സെക്രട്ടറി വി സുനിൽകുമാർ എന്നിവരും പങ്കെടുത്തു.